പ്രസ്തുത വഴിക്കാവശ്യമായ 12,000 രൂപ ഉടനെ അനുവദിച്ച് പ്രസ്തുത സ്കൂൾ നശിച്ചുപോകാതിരിക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രസ്തുത സ്കൂളിൽനിന്ന് നാലാം സ്റ്റാൻഡേർഡ് ജയിച്ചുവരുന്ന കുട്ടികൾക്ക് എട്ടും പത്തും കിലോമീറ്റർ അകലെയുള്ള ഹൈസ്കൂളിൽ പോയി തുടർന്നു പഠിക്കേണ്ടിവരുന്നു. കൊച്ചുകുട്ടികളെ ദൂരെയുള്ള ഹൈസ്കൂളിൽ ചേർത്തു പഠിപ്പിക്കാൻ രക്ഷകർത്താക്കൾക്ക് പ്രയാസമുണ്ടെങ്കിലും നാലാം സ്റ്റാൻഡേർഡ് കഴിഞ്ഞ് ഇവിടെ തുടർന്നു പഠിക്കാനുള്ള സൗകര്യമില്ലാത്തതുകൊണ്ട് ഒന്നാം സ്റ്റാൻഡേർഡു തൊട്ടുതന്നെ അകലെയുള്ള ഹൈസ്കൂളിൽ കുട്ടികളെ ചേർക്കാൻ അവർ നിർബന്ധിതരാകുന്നു. തൻമൂലം അവിടെ ഓരോ വർഷവും കുട്ടികൾ കുറഞ്ഞു വരുന്നു. അതുകൊണ്ട് പ്രസ്തുത സ്കൂൾ നിലനിൽക്കണമെങ്കിൽ എട്ടാം സ്റ്റാൻഡേർഡ് വരെയെങ്കിലും കുട്ടികൾക്ക് പഠിക്കാൻ അവിടെ കഴിയണം. പ്രസ്തുത സ്കൂൾ ഒരു യു.പി. സ്കൂളായി ഉയർത്തണമെന്ന് 1984 മുതൽ രക്ഷകർത്താക്കൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ വർഷം പ്രസ്തുത സ്കൂൾ ഒരു യു.പി. സ്കൂളായി ഉയർത്തി ഹരിജൻ പിന്നോക്ക മേഖലയിൽ പ്രവർത്തിക്കുന്ന ഈ ഗവൺമെൻറ് സ്കൂളിനെ നാശത്തിൽ നിന്ന് രക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്): സർ, ഉദയത്തുവാതിൽ ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂളിന് ഒരു വഴി വേണമെന്നുള്ള ആവശ്യം ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിനെത്തുടർന്ന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. അദ്ധ്യാപക-രക്ഷകർതൃ സമിതിയോട് ഇതിനാവശ്യമായിട്ടുള്ള പണം കെട്ടിവയ്ക്കാനും ആവശ്യപ്പെട്ടു. പക്ഷേ അവർക്ക് അതിനുള്ള സാമ്പത്തികമായ ശേഷിയില്ലായെന്നു പറഞ്ഞുകൊണ്ട് ഒരു മറുപടി തരികയുണ്ടായി. ബഹുമാനപ്പെട്ട എം.എൽ.എ.യും അക്കാര്യംതന്നെ എഴുതിത്തരുകയും ചെയ്തിരുന്നു. അതേത്തുടർന്ന് ഡിപ്പാർട്ടുമെൻറിൽ അതിനുള്ള ആക്ഷൻസ് എടുക്കാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. അതിനു മറ്റു നടപടികൾ സ്വീകരിക്കുന്നതിനുള്ള സാങ്കേതികമായ താമസം മാത്രമേ ഇപ്പോൾ അവശേഷിക്കുന്നുള്ളൂ. അദ്ദേഹം ഇവിടെ സൂചിപ്പിച്ച സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നുള്ള ആവശ്യത്തെ സംബന്ധിച്ചിടത്തോളം, 104 ഗവൺമെൻറ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരികയാണ്. അതിനകത്ത് ഈ സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. അതിൻമേൽ അധികം താമസിയാതെ ഒരു തീരുമാനമെടുക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

(5) ക്ഷേത്ര പ്രവേശന സ്വാതന്ത്ര്യം

ശ്രീ.ജി.കാർത്തികേയൻ: സർ, നമ്മുടെ രാജ്യത്ത് നിരവധി സാമൂഹ്യ മാറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരു സംസ്ഥാനമാണ് കേരളം. 50 വർഷങ്ങൾക്കു മുമ്പാണ് അതിപ്രശസ്തമായ ക്ഷേത്ര പ്രവേശന വിളംബരം തിരുവിതാംകൂറിലുണ്ടായത്. ഇൻഡ്യയിൽ നില നിന്നിരുന്ന ജാതി മേധാവിത്വത്തിനെതിരായുള്ള ഏറ്റവും വലിയ കനത്ത പ്രഹരമായിരുന്നു ഒരു രാജകുടുംബത്തിൽ നിന്നും വന്ന അത്തരം വിളംബരം. ആ വിളംബരം നിലനിൽക്കെത്തന്നെ സ്വതന്ത്ര കേരളത്തിൽ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷൻറെയും ബഹുമാനപ്പെട്ട സഭാ നേതാ

LIBRARY ARCHIVES Kerala Legislative Assembly

വിനേറയും നാടായ തൃശ്ശൂർ ജില്ലയിൽ അവർണ്ണർക്ക് ഇപ്പോഴും ഒരു ക്ഷേത്രത്തിൽ പ്രവേശനം ലഭിക്കുന്നില്ല. ക്ഷേത്ര പ്രവേശന വിളംബരം പോലെതന്നെ നിരവധി വിളംബരങ്ങളും മുഖ്യമന്ത്രിസ്ഥാനത്തിരുന്നുകൊണ്ട് കേരളത്തിലെ അധഃകൃതരായ ജനങ്ങൾക്ക് നൽകിയ കേരളത്തിലെ മുഖ്യമന്ത്രിയുടെ നാട്ടിൽ പാലാഴി എന്ന സ്ഥലത്ത് കുറുമാലി പുഴയുടെ തീരത്ത് ഒരു ശ്രീകൃഷ്ണക്ഷേത്രമുണ്ട്. ആ ക്ഷേത്രം ഒരു സ്വകാര്യ വ്യക്തിയുടേതല്ല. മുമ്പ് അത് വിമ്പുരു മനയുടേതായിരുന്നു. ആ മന എത്രയോ വർഷങ്ങൾക്കു മുമ്പ് നിർമ്മലാനന്ദമണ്ഡൽ കമ്മിറ്റിക്ക് വിട്ടുകൊടുത്തു. ഒരു കൃഷ്ണവാര്യർ ആണ് ക്ഷേത്ര രേണ കമ്മിറ്റിയുടെ പ്രസിഡൻറ്. ക്ഷേത്രപ്രവേശന വിളംബരത്തിനു ശേഷവും കഴിഞ്ഞ പത്തിരുപത്തഞ്ചുവർഷമായി അവിടെ അവർണ്ണർക്ക് ക്ഷേത്രപ്രവേശനം നിഷിദ്ധമാക്കിയിരിക്കുന്നു. ഒരു വ്യക്തിയുടേയോ ഒരു കുടുംബത്തിനേറയോ സ്വത്തല്ല അത്. ശ്രീരാമകൃഷ്ണ മിഷനുമായി ബന്ധപ്പെട്ട ഒരു മണ്ഡലിന്റെ ക്ഷേത്രമാണിത്. ശ്രീരാമകൃഷ്ണ മിഷനെന്നു പറയുന്നത് എല്ലാ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കുമുള്ളതാണ്. ഇന്നും നമ്മുടെ നാട്ടിൽ ജൻമനാ അവർണ്ണ സമുദായത്തിൽപെട്ട ആളുകൾക്ക് ക്ഷേത്രത്തിൽ കടക്കാൻ പറാത്ത ഒരു സ്ഥിതി തികഞ്ഞ കാടത്തരമാണ്, ഞെറ്റുമാണ്. 'ജനഗണമന'യിൽ ദേശഭക്തിയില്ലെന്നു പറഞ്ഞുകൊണ്ട് അന്ന് വിവാദമുയർത്തുകയും ശ്രദ്ധ പിടിച്ചു പറ്റുകയും ചെയ്ത ഒരു വ്യക്തിയാണ് കൃഷ്ണവാര്യർ. ഒരു വ്യക്തി കേരളത്തിലെ സാമൂഹ്യ രംഗത്തെ മാറ്റങ്ങൾ പുറകോട്ടു കൊണ്ടുപോകുന്നത് ശരിയല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട സഭാനേതാവ് അടിയന്തരമായി ഇതിൽ ഇടപെട്ട് ഇതിനെതിരെ നിൽക്കുന്ന വ്യക്തികൾ ആരായിരുന്നാലും അവർക്കെതിരെ കർശനമായ നടപടികളെടുക്കണമെന്നഭ്യർത്ഥിക്കുകയും അവിടെ പ്രവേശനം നിഷേധിക്കപ്പെട്ടിരിക്കുന്ന എല്ലാ സമുദായത്തിൽപ്പെട്ട ആളുകൾക്കും ക്ഷേത്രത്തിൽ പ്രവേശനം ലഭിക്കുന്നതിന് മണിക്കൂറുകൾക്കകം നടപടിയെടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ.കെ.കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ക്ഷേത്രം ഒരു മനവക ക്ഷേത്രമായിരുന്നു. 13 കൊല്ലങ്ങൾക്ക് മുമ്പ് അതു രാമകൃഷ്ണ മിഷനു പെറിയ താൽപര്യമുള്ള നിർമ്മലാനന്ദ മണ്ഡലിന്റെ കീഴിലായി എന്നാണ് റിപ്പോർട്ടിൽ കാണുന്നത്. ആ ക്ഷേത്രം നടത്തുന്നത് അതിന്റെ ട്രസ്റ്റിയായ ഒരു കൃഷ്ണവാര്യരാണ്. നിവേദ്യത്തിനു കൊണ്ടുവരുന്ന അരി, ഗർക്കര തുടങ്ങിയ സാധനങ്ങൾ സവർണ്ണവിഭാഗങ്ങളിൽ നിന്നു മാത്രമേ സ്വീകരിക്കൂ എന്ന സിസ്റ്റമാണ് വളരെക്കാലമായി ഇവിടെ ഉണ്ടായിരുന്നത്. ഈയടുത്തയവസരത്തിൽ മറ്റ് വിഭാഗത്തിൽപ്പെട്ട ആളുകൾ നിവേദ്യത്തിനു സാധനങ്ങൾ കൊണ്ടുചെന്നപ്പോൾ കീഴ്വഴക്കങ്ങൾ ലംഘിക്കാൻ തയ്യാറില്ല. അതുകൊണ്ട് സ്വീകരിക്കാൻ ഒക്കുകയില്ലെന്ന് അവിടത്തെ നമ്പൂതിരി പറഞ്ഞു. ഈ നിഷേധത്തെത്തുടർന്ന് നാട്ടുകാർ സംഘടിച്ച് അവിടെച്ചെന്നു. അവസാനം ട്രസ്റ്റിയുമായി ഒരു കരാർ ഉണ്ടാക്കി. ക്ഷേത്രത്തിൽ എല്ലാപേർക്കും പ്രവേശനമുണ്ട്. നിവേദ്യമായിക്കൊണ്ടുപോകുന്ന സാധനങ്ങൾ ചില വിഭാഗങ്ങളിൽ നിന്നു മാത്രമേ എടുക്കുകയുള്ളു എന്ന വ്യവസ്ഥയാണുണ്ടായിരുന്നത്. ഒരു കോംപ്രമൈസ് എന്നുള്ള നിലയിൽ നിവേദ്യങ്ങൾ ആരിൽ നിന്നും എടുക്കേണ്ട എന്ന തീരുമാനത്തിൽ നാട്ടുകാർ ഇടപെട്ടു പ്രശ്നം അവസാനിപ്പിച്ചിരിക്കുകയാണ്.

10 A.M.]

LIBRARY ARCHIVES Kerala Legislative Assembly